പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3238 | 18.10.2016 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിന് വിദേശമദ്യകമ്പനികളിൽ നിന്നും ലഭിച്ച ഇൻസെന്റീവ്

| ചോദ്യം<br>ശ്രീ.പി.കെ.ശശി | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാർ കാലയളവിൽ കൺസ്യൂമർഫെഡ് ഏതെല്ലാം വിദേശമദ്യ കമ്പനികളിൽ നിന്നും മദ്യം വാങ്ങിയിട്ടുണ്ടെന്നും ഓരോ മദ്യക്കമ്പനികളും നൽകിയ ഇൻസെന്റീവ് തുക എത്രയെന്നും വ്യക്തമാക്കുമോ; | (എ) | കൺസ്യൂമർഫെഡറേഷൻ വിദേശ മദ്യം വാങ്ങുന്നത് നേരിട്ട് വിദേശമദ്യ കമ്പനികളിൽ നിന്നല്ല. കൺസ്യൂമർഫെഡറേഷന്റെ വിദേശമദ്യ ഔട്ട്ലെറ്റുകളിലെ വിൽപ്പനയ്ക്കായുള്ള വിദേശ മദ്യം വാങ്ങുന്നത് കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷനിൽ നിന്നു മാത്രമാണ്. കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷനിൽ നിന്നാണ് മദ്യം വാങ്ങുന്നതെങ്കിലും 2011-2012 കാലയളവ് മുതൽ 2015-2016 വരെയുള്ള കാലയളവിൽ വിദേശമദ്യ കമ്പനികൾ കൺസ്യൂമർഫെഡിന് ഇൻസെന്റീവ് നേരിട്ട് നൽകി വരികയാണ് ചെയ്യുന്നത്. ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൺസ്യൂമർഫെഡിന് 2001-02-ൽ ലഭിച്ച ഇൻസെന്റീവ് എത്രയെന്നും വാങ്ങിയ മദ്യം എത്രയെന്നും വിശദമാക്കുമോ; ആയത് 2014-15 കാലയളവിൽ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | കൺസ്യൂമർഫെഡിന് 2001-2002-ൽ 5.23 ലക്ഷം രൂപയാണ് ഇൻസെന്റീവ് ആയി ലഭിച്ചിട്ടുള്ളത്. 177.86 കോടി രൂപയുടെ മദ്യമാണ് ഇതേ കാലയളവിൽ കൺസ്യൂമർഫെഡ് വാങ്ങിയിട്ടുള്ളത്.<br>2014-15-ൽ 4.10 ലക്ഷം രൂപയാണ് ഇൻസെന്റീവ് ആയി ലഭിച്ചിട്ടുള്ളത്. 894.57 കോടി രൂപയുടെ മദ്യമാണ് ഇതേ കാലയളവിൽ കൺസ്യൂമർഫെഡ് വാങ്ങിയിട്ടുള്ളത്. |
| (സി) | 2014-15 കാലഘട്ടത്തിൽ മദ്യ വിൽപ്പനയിൽ വന്ന വർദ്ധന എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | 2014-15 വർഷത്തിൽ 1067.64 കോടി രൂപയുടെ മദ്യവിൽപ്പനയാണ് കൺസ്യൂമർഫെഡ് കൈവരിച്ചിട്ടുള്ളത്. ഇത് തൊട്ടുമുമ്പുള്ള വർഷത്തെ അപേക്ഷിച്ച് 28% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | മുൻ സർക്കാർ ഭരണക്കാലത്ത് മൊബൈൽ ത്രിവേണി സ്റ്റോറുകൾക്കായി എത്ര വാഹനങ്ങൾ വാങ്ങി എന്നും ഇവ എവിടെ നിർമ്മിച്ച വാഹനങ്ങൾ ആണെന്നും എത്ര തുക ഇവയ്ക്ക് | (ഡി) | മുൻ സർക്കാർ ഭരണകാലത്ത് മൊബൈൽ ത്രിവേണി സ്റ്റോറുകൾക്കായി 141 വാഹനങ്ങൾ ടാറ്റാ മോട്ടോഴ്സിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. സംസ്ഥാനത്ത് മൊബൈൽ ത്രിവേണി സ്റ്റോറുകളുടെ ബോഡി നിർമ്മാണം നടത്തിയത് പോപ്പുലർ മെഗാ മോട്ടോഴ്സ്, ഫോക്കസ് മോട്ടോഴ്സ്, റെനിൾ ഓട്ടോ ഗ്യാരേജ്, ചക്യാത്ത് എഞ്ചിനീയറിംഗ് വർക്ക്സ് എന്നീ സ്ഥാപനങ്ങളാണ്. വാഹനങ്ങൾ വാങ്ങിയ വകയിൽ |

| | | | |
|---|---|---|---|
| | ചെലവായി എന്നും വെളിപ്പെടുത്താമോ ; ഇതുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച പരാതി നിലവിലുണ്ടോ; ഇതിന്മേൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | | 16.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>മൊബൈൽ ത്രിവേണിയുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ളതും, കൺസ്യൂമർഫെഡിൽ, നിലവിൽ നടന്നു വരുന്ന സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ വിഷയങ്ങളിൽ ടി വിഷയം ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. നിലവിൽ അന്വേഷണം നടന്നുവരുന്നു. |
| (ഇ) | മുൻ സഹകരണ വകുപ്പുമന്ത്രി, കൺസ്യൂമർഫെഡ് മുൻ ചെയർമാൻ , സഹകരണവകുപ്പ് മുൻ അഡീ.രജിസ്ട്രാർ, കൺസ്യൂമർഫെഡ് മുൻ എം.ഡി., മുൻ ചീഫ് മാനേജർ, വിദേശമദ്യ വിഭാഗം മുൻ മാനേജർ തുടങ്ങി അഴിമതിക്കേസിൽ ഉൾപ്പെട്ടവർ ആരെല്ലാം എന്നും ഓരോരുത്തരുടെയും പേരിലെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും, ഈ സർക്കാർ ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | (ഇ) | കൺസ്യൂമർഫെഡിലെ അഴിമതിയുമായി ബന്ധപ്പെട്ട് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നിലവിൽ നടന്നു വരികയാണ്. പ്രസ്തുത അന്വേഷണത്തിന്മേൽ ലഭ്യമായ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കൺസ്യൂമർഫെഡിലെ ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.<br>1. ശ്രീ.റിജി.ജി.നായർ<br>2. ശ്രീ.സ്വീഷ് കുമാർ<br>3. ശ്രീ.മഹേഷ് കുമാർ<br>4. ശ്രീ.റോയ് കുട്ടി<br>5. ശ്രീമതി.കെ.എൻ.മഞ്ചു<br>6. ശ്രീ.പ്രശാന്ത്.ആർ<br>7. ശ്രീ.എം.എസ്.സമഗ്രൻ<br>8. ശ്രീ.ജെയിംസ് കുര്യൻ<br>9. ശ്രീ.ആർ.ജയകുമാർ<br>10. ശ്രീ.രജു വിജയൻ<br>11. ശ്രീ.രാജീവ്<br>12. ശ്രീ.സി.യു.സുരേഷ് കുമാർ<br><br>ടി ഉദ്യോഗസ്ഥർ നടത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ച ഇടക്കാല റിപ്പോർട്ട്, മേൽ നടപടികൾക്കായി സഹകരണ സംഘം രജിസ്ട്രാറുടെ 11/79 സർക്കുലർ പ്രകാരം പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിൽ കുറ്റക്കാർ എന്നു തെളിയുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 2011-12 കാലയളവ് മുതൽ 2015-16 വരെയുള്ള കാലയളവിൽ വിദേശമദ്യ കമ്പനികൾ ഫെഡറേഷന് നൽകിയ ഇൻസെന്റീവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കമ്പനിയുടെ പേര് | ഇൻസെന്റീവ് ലഭിച്ചത് Incentive Received | ആകെ |
|---|---|---|---|
| 2011-12 | കെയ്സി ഡിസ്റ്റിലറീസ് | 126,523.00 | 492,242.00 |
| | ജോസഫ് ബോതേഴ്സ് മാർക്കറ്റിംഗ് | 125,175.00 | |
| | എംപീ ഡിസ്റ്റിലറീസ് | 185,039.00 | |
| | വിനായക ഡിസ്റ്റിലറീസ് | 1,190.00 | |
| | വിഗ്നേഷ് സെയിൽസ് കോ-ഓപ്പറേഷൻ | 4,650.00 | |
| | ജോൺ ഡിസ്റ്റിലറീസ് | 13,870.00 | |
| | എസ്.ഡി.എഫ് ഇൻഡസ്ട്രീസ് | 5,780.00 | |
| | വിൻബ്രോസ് & കമ്പനി | 27,015.00 | |
| | കാൾസ് ഡിസ്റ്റിലറീസ് | 3,000.00 | |
| 2012-13 | ജോൺ ഡിസ്റ്റിലറീസ് | 120,000.00 | 427,611.00 |
| | എംപീ ഡിസ്റ്റിലറീസ് | 57,427.00 | |
| | ഒജാസ് ഇൻഡസ്ട്രീസ് | 49,137.00 | |
| | കെയ്സി ഡിസ്റ്റിലറീസ് | 176,282.00 | |
| | വിൻബ്രോസ് & കമ്പനി | 7,215.00 | |
| | ജോസഫ് ബ്രദേഴ്സ് മാർക്കറ്റിംഗ് ലിമിറ്റഡ് | 17,550.00 | |
| 2013-14 | ജോൺ ഡിസ്റ്റിലറീസ് | 121,435.00 | 2,94,661.00 |
| | കെയിസീ ഡിസ്റ്റിലറീസ് | 145,911.00 | |
| | യുനീക് മാർക്കറ്റിംഗ് | 27,315.00 | |
| 2014-15 | എംപീ ഡിസ്റ്റിലറീസ് | 126,100.00 | 4,10,845.00 |
| | പ്രോഫിറ്റ് മാർക്കറ്റിംഗ് | 25,405.00 | |
| | കെയിസീ ഡിസ്റ്റിലറീസ് | 259,340.00 | |
| 2015-16 | അലൈഡ് ബ്ലെൻഡേഴ്സ് | 216,283.00 | 12,359,905.00 |
| | അമൃത് ഡിസ്റ്റിലറീസ് | 2,059,655.00 | |

| | | | |
|---|---|---|---|
| | ബക്കാർഡി ഇന്ത്യ ലിമിറ്റഡ് (മഞ്ജൂഷ) | 655,740.00 | |
| | ബ്രിമാ സാഗർ | 98,390.00 | |
| | കാസിനോവ ഡിസ്റ്റിലറീസ് (വേമ്പനാട്) | 790,525.00 | |
| | ക്ലാസിക് മാർക്കറ്റിംഗ് | 136,018.00 | |
| | ക്രൗൺ ബീയേഴ്സ് ഇന്ത്യ | 37,920.00 | |
| | ഡി.സി.ജോഹർ& സൺസ് | 2,80,043.00 | |
| | ഡി.ഡി.എൽ (ദേവികുളം ഡിസ്റ്റിലറീസ്) | 324,980.00 | |
| | എലൈറ്റ് ഡിസ്റ്റിലറീസ് | 61,840.00 | |
| | എലൈറ്റ് വിന്റേജ് വൈനറി | 8,025.00 | |
| | എംപീ ഡിസ്റ്റിലറീസ് | 652,217.00 | |
| | ഫ്രാറ്റലി വൈൻസ് | 22,000.00 | |
| | ഗാലക്സി ഡിസ്റ്റിലറീസ് | 1,644.00 | |
| | ഗ്രോവർ സാമ്പ് | 153,375.00 | |
| | ഹൈ സ്പിരിറ്റ്സ് | 479,064.00 | |
| | ഇൻഡോ സ്കോട്ടിഷ് ബ്രാൻഡ് | 1,85,300.00 | |
| | ജഗജിത് ഡിസ്റ്റിലറീസ് (ഫോർട്യൂൺ) | 108,225.00 | |
| | ജോൺ ഡിസ്റ്റിലറീസ് (പ്രോഫിറ്റ്) | 557,065.00 | |
| | കെയിസീ ഡിസ്റ്റിലറീസ് (എസ്.എൻ.ജെ) | 891,175.00 | |
| | കെ.എസ്.ഡിസ്റ്റിലറീസ് | 671,655.00 | |
| | ഒയാസിസ് ഡിസ്റ്റിലറീസ് | 199,385.00 | |
| | പോൾസൺസ് ഡിസ്റ്റിലറീസ് | 25,800.00 | |
| | റെയിഡ്കോ (യൂണിക്) | 732,630.00 | |
| | സരയ ഡിസ്റ്റിലറീസ് | 221,200.00 | |
| | എസ്.ഡി.എഫ് ഇൻഡസ്ട്രീസ് | 397,059.00 | |
| | സതേൺ അഗ്രിഫ്യൂറൈൻ | 338,106.00 | |
| | സുല വിന്യാർഡ്സ് | 177,687.00 | |
| | തിലകനഗർ ഇൻഡസ്ട്രീസ് | 1,309,363.00 | |
| | വിനായക ഡിസ്റ്റിലറീസ് | 101,737.00 | |
| | വിൻബ്രോസ് & കമ്പനി | 213,625.00 | |
| | വിൻഹോ ഡേ ഗോവ (നവീൻ) | 38;450.00 | |
| | വിന്റേജ് സ്പിരിറ്റ്സ് | 147,169.00 | |
| | നോർമാൺഡി ബ്രീവെറീസ് | 66,555.00 | |